"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകപ്പ്-നഗരകാര്യം -ശ്രീമതി.കവിത.എസ്.കുമാർ- ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.850/2026/LSGD തീയതി,തിരുവനന്തപുരം, 02-04-2026

---

പരാമർശം:-
1. സ.ഉ(സാധാ) നം.478/2023/LSGD തീയതി 24.02.2023
2. അക്കൗണ്ടന്റ് ജനറൽ(എ&ഇ )കേരള-യുടെ 08.08.2024- ലെ GE07/C/MCk19/176 നമ്പർ കത്ത്.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 25.06.2025, 12.03.2026 തീയതികളിലെ LSGD/PD/27030/2024-DEH6 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ശ്രീമതി.കവിത.എസ്.കുമാർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് പരാമർശം സർക്കാർ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്ന്, 09.03.2023 പ്രാബല്യത്തിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിരുന്നു. ടിയാളുടെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനായി അപേക്ഷയും, അനുബന്ധരേഖകളും തുടർനടപടികൾക്കായി പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2. ശ്രീമതി.കവിത.എസ്.കുമാർ നിരീക്ഷണ കാലയളവിൽ അവധികളൊന്നും എടുത്തിട്ടില്ല എന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്. ടിയാന്റെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ നിരീക്ഷണ കാലയളവ് തുടർച്ചയായ ഒരു വർഷത്തെ സേവന കാലയളവിൽ ആറ് മാസത്തെ ഡ്യൂട്ടിയായതിനാൽ ടിയാളുടെ ടി തസ്തികയിലെ നിരീക്ഷണ കാലം 08.09.2023 അപരാഹ്നം വരെയാണ്.

3. മേൽ സാഹചര്യത്തിൽ ശ്രീമതി.കവിത.എസ്.കുമാർ (PEN 782713)-ന്റെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ നിരീക്ഷണകാലം കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ ജനറൽ റൂളിലെ ചട്ടം 20(ബി) പ്രകാരം 09.09.2023-പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ

ഡയറക്ടർ,കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീമതി.കവിത.എസ്.കുമാർ, ഡെപ്യൂട്ടി ഡയറക്ടർ (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 06-04-2026 11:07:28
സെക്ഷൻ ഓഫീസർ